**മേലെഴുത്തു നം. DHS/13312/2025-EB1 തീയതി 25-05-2026**

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Digitally signed by
Reena K J
Date: 25-05-2026
17:16:25

ആരോഗ്യ വകുപ്പ് ഡയറക്ടർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.ബിജി എസ്. ആനന്ദ്, സീനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM) No.506/2025-മേലുള്ള 12.02.2026 തീയതിയായ ഉത്തരവ് - അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1719/2026/H&FWD തീയതി,തിരുവനന്തപുരം, 18-05-2026

---

പരാമർശം:-

1. ഡോ.ബിജി എസ്. ആനന്ദ് ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ച 21.03.2025 തീയതിയായ നിവേദനം. (Annexure A9)
2. ഡോ.ബിജി എസ്. ആനന്ദ് ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM) No.506/2025-മേലുള്ള 12.02.2026 തീയതിയിലെ ഉത്തരവ്.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 12.03.2026- തീയതിയിലെ DHS/13312/2025-EB1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ജനറൽ മെഡിസിൻ വിഭാഗം സീനിയർ കൺസൾട്ടന്റ് ആയ ഡോ. ബിജി എസ്. ആനന്ദിനെതിരെ കൊല്ലം ജില്ലാ ആശുപത്രി ഡെപ്യൂട്ടി സൂപ്രണ്ട് ഡോ. അജിത നൽകിയ പരാതിയുടെയും മെഡിക്കൽ ഓഫീസർക്കെതിരെ ആരോഗ്യ വകുപ്പ് ഡയറക്ടർ നൽകിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ, സ.ഉ. (സാധാ) നം.1634/2024/H&FWD തീയതി 08.07.2024 പ്രകാരം കൊല്ലം ജില്ലാ ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗം സീനിയർ കൺസൾട്ടന്റായിരുന്ന ഡോ. ബിജി എസ്. ആനന്ദ്-നെ പ്രസ്തുത ആശുപത്രിയിൽ നിന്ന് എറണാകുളം ജനറൽ ആശുപത്രിയിലേക്ക് സ്ഥലം മാറ്റിയിരുന്നു. ഇതിനെതിരെ ഡോ.ബിജി എസ്. ആനന്ദ് ബഹുമാനപ്പെട്ട ട്രൈബ്യൂണൽ മുമ്പാകെ OA (EKM) No. 506/2025 ഫയൽ ചെയ്യുകയുണ്ടായി. OA (EKM) No.506/2025 നമ്പർ ഹർജിയിന്മേലുള്ള പരാമർശം (2) ഉത്തരവിൽ അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും നേരിൽ കേട്ടശേഷം,

അപേക്ഷകന്റെ പരാമർശം (1) പ്രകാരമുള്ള Annexure A-9 അപേക്ഷ പരിഗണിച്ച് ആറാഴ്ചയ്ക്കകം ഉത്തരവ് പുറപ്പെടുവിക്കാൻ ഒന്നാം എതിർകക്ഷിയായ ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് ബഹു:ട്രൈബ്യൂണൽ നിർദ്ദേശം നൽകിയിരുന്നു .

2) ബഹു:ട്രൈബ്യൂണലിന്റെ ഉത്തരവ് അനുവർത്തനം ചെയ്യുന്നതിനായി ചുവടെ ഒപ്പ് വച്ചിരിക്കുന്ന ഉദ്യോഗസ്ഥ 18.03.2026-ന് ഡോ.ബിജി എസ്. ആനന്ദിനെയും, 24.03.2026-ന് ഡോ.അജിത.വി.-യെയും നേരിൽ കേട്ടിരുന്നു.

<u>ഡോ.ബിജി എസ്. ആനന്ദ് നൽകിയ മൊഴി ചുവടെ ചേർക്കുന്നു:</u>

31.05.2027-ന് സർവ്വീസിൽ നിന്നും വിരമിക്കും. അനവധി രോഗങ്ങൾ ഉണ്ട്. അടിസ്ഥാനമില്ലാത്ത ആരോപണങ്ങളുടെ അടിസ്ഥാനത്തിലാണ് കൊല്ലം ജില്ലാ ആശുപത്രിയിൽ നിന്നും സ്ഥലംമാറ്റിയിരുന്നത്. വാസസ്ഥലം കൊല്ലം ജില്ലയാണ്. കൊല്ലം ജില്ലാ ആശുപത്രിയിൽ നിലവിൽ ജോലി നോക്കുന്ന സീനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) തന്റെ ജൂനിയറും ആലപ്പുഴ ജില്ലാ നിവാസിയുമാണ്. ടി മെഡിക്കൽ ഓഫീസർ 30.04.2026-ന് സർവ്വീസിൽ നിന്നും വിരമിക്കും. ഈ വസ്തുതകൾ കണക്കിലെടുത്ത് കൊല്ലം ജില്ലാ ആശുപത്രിയിൽ നിയമനം നൽകണം.

<u>ഡോ.അജിത വി. നൽകിയ മൊഴി ചുവടെ ചേർക്കുന്നു:</u>

കൊല്ലം ജില്ലാ ആശുപത്രിയിൽ ഡെപ്യൂട്ടി സൂപ്രണ്ടായി ജോലി നോക്കിയ സമയത്ത് പ്രസ്തുത ആശുപത്രിയിലെ സീനിയർ കൺസൾട്ടന്റ് ഡോ.ബിജി എസ്. ആനന്ദ് ടിയാൾക്കെതിരെ സൈബർ കംപ്ലയിന്റ്, കേസ് എന്നിവ ഫയൽ ചെയ്തിരുന്നു. ഇതെല്ലാം ഒഫിഷ്യൽ കാര്യങ്ങളുമായി ബന്ധപ്പെട്ട വിഷയത്തിനാണ്. ഡോ.ബിജി എസ്. ആനന്ദ് ഏകദേശം 24 വർഷത്തോളം കൊല്ലം ജില്ലാ ആശുപത്രിയ്ക്ക് സമീപം പ്രൈവറ്റ് പ്രാക്ടീസ് നടത്തിക്കൊണ്ട് ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുകയും, അന്താരാഷ്ട്ര അംഗീകാരങ്ങളും അവാർഡുകളും ആശുപത്രിയ്ക്ക് ലഭിക്കുന്നതിന് തടസ്സങ്ങൾ സൃഷ്ടിക്കുകയും, ആശുപത്രിയുടെ വിശ്വാസ്യതയേയും, അന്തസ്സിനെയും ഇകഴ്ത്തുകയും ചെയ്തിരുന്നു.

3) ഡോ. ബിജി.എസ്. ആനന്ദിന്റെ സേവന വിവരം പരിശോധിച്ചതിൽ നിന്നും ടിയാൻ 01/07/2012 മുതൽ 10/07/2024 വരെയുള്ള 12 വർഷ കാലയളവിനുള്ളിൽ 27/06/2015 മുതൽ 09/09/2015 വരെയുള്ള ചുരുങ്ങിയ കാലയളവ് ഒഴികെ കൊല്ലം ജില്ലാ ആശുപത്രിയിൽ

തന്നെയാണ് സേവനമനുഷ്ഠിച്ചിട്ടുള്ളതെന്നും 27/06/2015 മുതൽ 09/09/2015 വരെ ഹരിപ്പാട് താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി ചെയ്തിരുന്നുവെന്നും ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കുകയും അഡ്മിനിസ്ട്രേഷൻ വിഭാഗത്തിലുള്ളവരെ നിരന്തരം മാനസികമായി പീഡിപ്പിക്കുകയും ചെയ്യുന്ന ആളാണെന്നും മേലുദ്യോഗസ്ഥരെ ധിക്കരിക്കുക, നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുക, ഡ്യൂട്ടിയിൽ വീഴ്ച വരുത്തുക എന്നീ നടപടികളും, ആശുപത്രിയെ ഉപയോഗപ്പെടുത്തി ആശുപത്രിയ്ക്ക് സമീപത്തുള്ള വാടക കെട്ടിടത്തിൽ സ്വകാര്യ പ്രാക്ടീസ് നടത്തുന്നതിനാണ് ടിയാൾ കൊല്ലം ജില്ലാ ആശുപത്രിയിൽ തന്നെ നിയമനം നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നതെന്നും ആയതിനാൽ ടിയാൾ തുടർന്നും കൊല്ലം ജില്ലാ ആശുപത്രിയിൽ തന്നെ നിയമനം നൽകരുതെന്നും കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ ശുപാർശ ചെയ്തിരുന്നതിന്റെ അടിസ്ഥാനത്തിലാണ് ടിയാളെ എറണാകുളം ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റുന്നതിന് സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിച്ചതെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. കൊല്ലം ജില്ലാ ആശുപത്രിയിൽ ജനറൽ മെഡിസിൻ വിഭാഗം സീനിയർ കൺസൾട്ടന്റിന്റെ ഒഴിവ് നിലവിലില്ലെന്നും സ.ഉ (സാധാ) നം. 1085/2025/H&FWD തീയതി 19.04.2025 പ്രകാരം ഡോ. സജീബ് മുഹമ്മദ്. എൻ.എം -ന് ജനറൽ മെഡിസിൻ വിഭാഗം സീനിയർ കൺസൾട്ടൻ്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നല്കി കൊല്ലം ജില്ലാ ആശുപത്രിയിൽ നിയമിച്ച് ഉത്തരവായിട്ടുള്ളതായും 12 വർഷത്തോളമായി കൊല്ലം ജില്ലാ ആശുപത്രിയിൽ സേവനമനുഷ്ഠിച്ചിട്ടുള്ളതിനാലും പൊതു ജന താൽപര്യത്തിന് വിരുദ്ധമായും സർക്കാരിന്റെ യശസ്സിനെ ബാധിക്കുന്ന വിധത്തിലും പെരുമാറുന്നതിനാലും കൊല്ലം ജില്ലാ ആശുപത്രിയിൽ നിയമനം നൽകണമെന്ന് ആവശ്യപ്പെട്ട് ഡോ ബിജി എസ് ആനന്ദ് സമർപ്പിച്ച അപേക്ഷ നിരസിക്കാവുന്നതാണെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

5) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഡോ.ബിജി എസ്. ആനന്ദ് കൊല്ലം ജില്ലാ ആശുപത്രിയിൽ സേവനം അനുഷ്ഠിച്ച വരവേ ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുകയും, ആശുപത്രി സൂപ്രണ്ടിനെയും ഡെപ്യൂട്ടി സൂപ്രണ്ടിനെയും മാനസികമായി പീഡിപ്പിച്ചതിനും മറ്റും ടിയാനെതിരെ സർക്കാർ അച്ചടക്ക നടപടി സ്വീകരിച്ചിരുന്നു. പരാതിയ്ക്ക് ആസ്പദമായ സംഭവം നടക്കുന്ന വേളയിൽ കൊല്ലം ജില്ലാ ആശുപത്രിയിലെ സൂപ്രണ്ട് തസ്തികയിലും, ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയിലും ജോലി ചെയ്തിരുന്ന മെഡിക്കൽ ഓഫീസർമാർ നിലവിൽ ടി ആശുപത്രിയിൽ

ജോലി ചെയ്യുന്നില്ല. മേൽ സാഹചര്യങ്ങളും ഡോ.ബിജി എസ്. ആനന്ദ് 31.05.2027-ന് സർവ്വീസിൽ നിന്നും വിരമിക്കുന്നതും കണക്കിലെടുത്ത് കൊല്ലം ജില്ലാ ആശുപത്രിയിൽ സീനിയർ കൺസൽട്ടന്റ് (ജനറൽ മെഡിസിൻ) തസ്തികയിൽ ഒഴിവ് വരുന്ന മുറയ്ക്ക്, സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പരിഗണിച്ച് ഡോ.ബിജി എസ്. ആനന്ദിന് കൊല്ലം ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റംത്തിനുള്ള ശിപാർശ സർക്കാരിൽ ലഭ്യമാക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണിന്റെ OA (EKM) No.506/2025-മേലുള്ള പരാമർശം (2) പ്രകാരമുള്ള അന്തിമ ഉത്തരവ് അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീന ഷംസുദ്ദീൻ
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം ബഞ്ച്.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കൊല്ലം/എറണാകുളം.
Dr.Biji S. Anand, Senior Consultant, VRA 96, Near Kottathazhan Ganapathi Temple, District Hospital Junction, Vadakkum Bhagam.P.O., Kollam - 691 001.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ (A2/122/2026-HEALTH)

ഉത്തരവിൻ പ്രകാരം
Signed by
Anupama G Nair
Date: 18-06-2026 16:28:26